

Jubilee Mission Medical College & Research Institute Since 1951 Vol. 11 Issue 7 July 2025

DOCTOR'S CORNER


Endocrinology: The Science Behind the Self 09

ഫാമിലി അഡോപ്ഷൻ പ്രോഗ്രാം 15


CONTENT


സൗഖ്യശുശ്രൂഷയൊരുക്കുന്ന നല്ല സമരായർ ........ 01

ഗവേഷണദിനം ........ 02

തകർക്കാം ലഹരിയുടെ ചങ്ങലകൾ ........ 04

മൈക്രോബയോം ദിനാചരണം ........ 05

രക്തദാനം ഏറ്റവും വലിയദാനം ........ 07

വർക്ക്ഷോപ്പ് ........ 08

ഔഷധ കഞ്ഞിക്കൂട്ടിന്റെ ഉദ്ഘാടനം ........ 13

മാഗസിൻ പ്രകാശനം 2024 ........ 14

പ്രകൃതിയോടുള്ള സഹജീവിതം സുസ്ഥിരമായ ജീവിതത്തിന് ........ 19

പുത്തനുണർവ്വ് നൽകുന്ന കർക്കിടക കഞ്ഞി ........ 20

Welcome TO JUBILEE FAMILY 16

THANK YOU 17

RESEARCH WINGS JOURNAL CLUB 18



# സൗഖ്യശുശ്രൂഷയൊരുക്കുന്ന
# നല്ല സമരായർ

നന്മതൻ നിറചിരിയുമായ് ന-
ല്ലസമരിയാക്കരനാമീശോയെപ്പോൽ
സൗഖ്യശുശ്രൂഷയൊരുക്കും
മാലാഖരാണ് ഡോക്ടേഴ്സ്, ത-
രിപോലും വിശ്രമമില്ലങ്കിലും
യാതൊരു പരാതിയുമില്ലാതേവർക്കും തങ്ങൾ-
ക്കാവും വിധമാതുരശുശ്രൂഷയൊ
രുക്കുമിവരെന്നുമാരാധ്യർ.
നാളേകളാരോഗ്യമുള്ളതാകാൻ
യാതനയേറ്റെടുത്തധ്വാനിക്കുന്നവരെ
ഈശോതന്നനുഗ്രഹമുണ്ടാകട്ടെ,
ശോഭനമാകട്ടെ നിങ്ങൾതൻ ജീവിതം.

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
അസ്സി. ഡയറക്ടർ



# ഗവേഷണ ദിനം

## പ്രഭാഷണങ്ങൾ | പ്രബന്ധാവതരണം
## അവാർഡ് വിതരണം | പുസ്തക പ്രകാശനം

ഡോക്ടർമാരും വൈദ്യശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്നവരും ഗവേഷണത്തിൽ കൂടുതൽ താൽപര്യം എടുക്കണം എന്നും പുതിയ രോഗങ്ങളും അവയുടെ പരിശോധനയും ചികിത്സയും തുടർ പരിപാലനവും ഗവേഷണത്തിലൂടെ മാത്രമേ വികസിപ്പിക്കാൻ കഴിയുകയുള്ളൂ എന്നും ഡോ. കെ. ആർ. തങ്കപ്പൻ അഭിപ്രായപ്പെട്ടു. തൃശ്ശൂരിലെ ജൂബിലി മിഷൻ ഗവേഷണ കേന്ദ്രം, ജൂബിലി ട്രസ്റ്റിന്റെ കീഴിലുള്ള ഏഴ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, ഫാക്കൽറ്റി അംഗങ്ങൾ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കായി സംഘടിപ്പിച്ച ജൂബിലി ഗവേഷണ ദിനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം ശ്രീ ചിത്രയിലെ പൊതുജനാരോഗ്യ വകുപ്പ് മുൻ തലവനും ഇപ്പോൾ കൊച്ചി അമൃതയിലെ പൊതുജനാരോഗ്യവകുപ്പ് തലവനുമായ ഡോ. തങ്കപ്പൻ ഉദ്ഘാടനം നിർവ്വഹിച്ച സമ്മേളനത്തിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. ജൂബിലി റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ, ആമുഖ പ്രഭാഷണം നടത്തി.

ഗവേഷണദിനത്തിൽ അവതരിപ്പിക്കുന്ന 34 പ്രബന്ധങ്ങളുടെ സംക്ഷിപ്തരൂപം ഐ.എസ്.ബി.എൻ. നമ്പർ ഉള്ള പുസ്തകമായി പ്രസിദ്ധീകരിച്ചതിന്റെ പ്രകാശനം മുഖ്യാതിഥി ഡോ. തങ്കപ്പൻ നേഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ സി. റെജി അഗസ്റ്റിന് നൽകി നിർവ്വഹിച്ചു. അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ എന്നിവർ ആശംസകൾ നേർന്നു. കഴിഞ്ഞ വർഷം പൂർത്തിയാക്കിയ ഐ.സി.എം.ആർ, സ്മൈൽ ട്രെയിൻ, ഡി.എച്ച്.ആർ., സ്പൈസസ് ബോർഡ്, സിമേഘ തുടങ്ങിയ ഏജൻസികൾ സാമ്പത്തികസഹായം നൽകിയ 5 ഗവേഷണ പദ്ധതികളുടെ സാരഥികൾക്ക് പ്രശംസാപത്രം നൽകി. ഡോ. പി. ആർ. വർഗ്ഗീസ് സ്വാഗതവും ഡോ. അലക്സ് ജോർജ്ജ് നന്ദിയും പറഞ്ഞു.

തുടർന്ന് രണ്ട് വേദികളിലായി 34 പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. മികച്ച പ്രബന്ധ അവതാരകർക്കുള്ള അവാർഡിന് മെഡിക്കൽ പി.ജി. ഡോ. ഐശ്വര്യ വിനോദ്, സീനിയർ റസിഡന്റ് ഡോ. ജോസ്മി ജോയ്, എം. ബി. ബി. എസ്. വിദ്യാർത്ഥി ബെന്റീൻ ജോയ്, ഹിവ്യ സി. എസ് (നേഴ്സിങ്ങ്), മേരി മാർട്ടിൻ (റിസേർച്ച് സ്കോളർ) എന്നിവർ അർഹരായി. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. കെ. പത്മകുമാർ, ആയുർവേദ വിഭാഗം ചീഫ് കൺസൾട്ടന്റ് ഡോ. സി. ഡൊണേറ്റ എന്നിവർ അവാർഡുകൾ സമ്മാനിച്ചു. അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര ഉപചാരപ്രസംഗം നടത്തി. ഡോ. മാത്യു ജോൺ സ്വാഗതവും ഡോ. സരിത ഫ്രാൻസീസ് നന്ദിയും പറഞ്ഞു.






# തകർക്കാം ലഹരിയുടെ ചങ്ങലകൾ

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗവും സൈക്കോളജി വിഭാഗവും സംയുക്തമായി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. 'തകർക്കാം ലഹരിയുടെ ചങ്ങലകൾ - ഏവർക്കും പ്രതിരോധം ചികിത്സ മോചനം' എന്ന ഈ വർഷത്തെ ആശയത്തിന് പ്രാധാന്യം നൽകിയാണ് പരിപാടി സംഘടിപ്പിച്ചത്. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര ഉദ്ഘാടനം നിർവ്വഹിച്ചു. സൈക്കോളജി വിഭാഗം മേധാവി ഡോ. മോൻസി എഡ്വേർഡ്, സൈക്യാട്രി വിഭാഗം ജൂനിയർ റസിഡന്റ് ഡോ. ശ്രേയസ് സൂസൻ വർഗ്ഗീസ് എന്നിവർ ബോധവത്കരണ ക്ലാസുകൾ കൈകാര്യം ചെയ്തു. പ്രിൻസിപ്പാൾ പ്രൊഫ. ഡോ. എം. എ. ആൻഡ്രൂസ്, സൈക്യാട്രി വിഭാഗം മേധാവി പ്രൊഫ. ഡോ. നീതി വത്സൻ, അസി. പ്രൊഫ. ഫാ. ഡോ. ദേവ് അഗസ്റ്റിൻ അക്കര എന്നിവർ സംസാരിച്ചു. ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ച പോസ്റ്റർ നിർമാണ മത്സരത്തിന്റെ വിജയികൾക്കുള്ള സമ്മാനദാനവും ചടങ്ങിൽ നടന്നു.



## ആരോഗ്യവും സുഖജീവിതവും സാധ്യമാക്കുന്ന അണുജീവികൾ

# മൈക്രോബയോം ദിനാചരണം

മനുഷ്യശരീരത്തിലും നമ്മുടെ പരിസ്ഥിതിയിലുമുള്ള അണുജീവികളാണ് നമ്മുടെ ആരോഗ്യവും സുഖജീവിതവും സാധ്യമാക്കുന്നതെന്നും അവയെപറ്റി പഠിക്കാനും ബോധവത്കരിക്കാനുമാണ് മൈക്രോബയോം ദിനം ആചരിക്കുന്നതെന്നും മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവായ പത്മശ്രീ എം. ചന്ദ്രദത്തൻ അഭിപ്രായപ്പെട്ടു. അന്താരാഷ്ട്ര

മൈക്രോ ബയോം ദിനത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ എക്സലൻസ് ഇൻ മൈക്രോ ബയോമും (സി.ഒ.ഇ.എം.) തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഗവേഷണകേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച 'മൈക്രോബയോം ആന്റ് ഹ്യൂമൺ ഹെൽത്ത്' എന്ന വിഷയത്തെ ആസ്പദമാക്കിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നമ്മുടെ അന്തരീക്ഷത്തിലും സമുദ്രത്തിലും വലിയ തോതിലുള്ള അണുജീവികൾ നിലവിലുണ്ട്. കാലാവസ്ഥാവ്യതിയാനം മൂലം മഞ്ഞുരുകിവരുമ്പോൾ നൂറ്റാണ്ടുകളുടെ പഴക്കമുള്ളതും നമ്മൾ അറിയാത്തതുമായ നൂറുകണക്കിന് അണുജീവികൾ നമ്മുടെ ജലാശയത്തിലേക്ക് എത്തുന്നതുവഴി പാരിസ്ഥിതിക മാറ്റങ്ങൾക്ക് കാരണമാകുന്നു. ഇത് നമ്മുടെ ജീവനും ആരോഗ്യത്തിനും പരമപ്രധാനമാണ്. ഇനിയുള്ള പഠനങ്ങൾ ഇവയെ സംബന്ധി ച്ചാകുമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന കേരള ഫിഷറീസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ അഭിപ്രായപ്പെട്ടു. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മദർ തെരേസ ഹാളിൽ നടന്ന ചടങ്ങിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. ജൂബിലി റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ ആശംസകൾ നേർന്നു. സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം ഡയറക്ടർ ഡോ. സാബു തോമസ് മൈക്രോബയോം ദിനാചരണത്തെക്കുറിച്ച് പ്രതിപാദിച്ചു. ഡോ. അപർണ ശങ്കർ സ്വാഗതവും ജൂബിലി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം. എ. ആൻഡ്രൂസ് നന്ദിയും പറഞ്ഞു.

തുടർന്ന് വിവിധ മൈക്രോബയോം വിഷയങ്ങളെ അടിസ്ഥാനമാക്കി ഡോ. ബേബി ചക്രപാണി (കുസാറ്റ്, കൊച്ചി), ഡോ. ശങ്കർ റാം (ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം), ഡോ. മഹേഷ് എസ്. കൃഷ്ണ (സീനിയർ സയന്റിസ്റ്റ്, സി.ഒ.ഇ.എം.), ഡോ. അലക്സ് ജോർജ്ജ് (സയന്റിസ്റ്റ്, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച്) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. കാർത്തിക (സയന്റിസ്റ്റ്, സി.ഒ. ഇ.എം.) ഉപസംഹരിച്ചുകൊണ്ട് സംസാരിച്ചു. ഡോ. മാത്യു ജോൺ (സയന്റിസ്റ്റ്, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച്) നന്ദി പ്രകാശിപ്പിച്ചു. നാൽപ്പതിൽപരം സ്ഥാപനങ്ങളിൽ നിന്നായി മുന്നോറോളം പേർ സെമിനാറിൽ പങ്കെടുത്തു.




# രക്തദാനം ഏറ്റവും വലിയദാനം

## ബോധവത്കരണ ക്ലാസ്സുകൾ രക്തദാന ക്യാമ്പെയിൻ

ജൂബിലി മിഷൻ ആശുപത്രിയിലെ ഇമ്മ്യുണോഹെമറ്റോളജി & ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ ലോക രക്തദാനദിനത്തോടനുബന്ധിച്ച് സ്കൂളുകളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തി. ബോധവത്കരണത്തിന്റെ ഭാഗമായി വിവിധ രക്തദാന ക്യാമ്പെയിനുകളും നടന്നു. 41–ാം തവണ രക്തം ദാനം ചെയ്തുകൊണ്ട് ജൂബിലി മിഷൻ ആശുപത്രിയിലെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ രക്തദാന ക്യാമ്പെയിനിൽ പങ്കെടുത്തു.



# വർക്ക്ഷോപ്പ്

## SCALUP - SCALE DEVELOPMENT & VALIDATION

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ, ഫാർമക്കോളജി വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഗവേഷണ ആവശ്യങ്ങൾക്കായുള്ള - സ്കെയിൽ - വികസനത്തെക്കുറിച്ചുള്ള വർക്ക്ഷോപ്പ് (Scalup - Scale development & Validation) നടന്നു. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിലെ എപ്പിഡെമിയോളജി വിഭാഗം പ്രൊഫസർ ഡോ. രവി പ്രസാദ് വർമ്മ പി. യുടെ നേതൃത്വത്തിലുള്ള ഒരു സംഘവും വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പ്രൊഫസറും കോഴിക്കോട് നിപ്പ സെന്റർ നോഡൽ ഓഫീസറുമായ ഡോ. ടി. എസ്. അനീഷുമാണ് വർക്ക്ഷോപ്പ് നടത്തിയത്.

ന്യൂഡെൽഹിയിലെ ഐ.സി.എം.ആർ. (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്) ഹെഡ്ക്വാട്ടേഴ്സിൽ നിന്നുള്ള പ്രതിനിധികളും ഇന്ത്യയുടെ നാനാഭാഗത്തുനിന്നുള്ള ഡോക്ടർമാരും ഗവേഷകരും ഈ വർക്ക്ഷോപ്പിൽ പങ്കെടുത്തു. മെഡിക്കൽ ഗവേഷണത്തിന്റെ പുതിയ മേഖലകളിൽ പര്യവേഷണം ചെയ്യാനുള്ള സാധ്യതയും ഈ വർക്ക്ഷോപ്പ് തുറന്നുകാട്ടി.




# Endocrinology:

## THE SCIENCE BEHIND THE SELF

While the protagonist of the film grapples with its spiritual significance, this question is equally profound from a biological stand point. Who am I? At the core of this inquiry lies not just philosophy or metaphysics, but also physiology and the extraordinary complexity of the human body - an intricately balanced system orchestrated by countless hormones. And at the heart of decoding this balance lies the field of Endocrinology.

Endocrinology, the branch of medicine that deals with hormones and the glands that produce them, is fundamental to understanding what makes us function as human beings. Hormones are chemical messengers that influence everything from growth, metabolism, mood, and fertility to how we respond to stress, regulate blood sugar, and maintain homeostasis. If the brain is the command center, then hormones are the messengers that translate its decisions into action.

The story of hormones is the story of evolution itself. In the earliest stages of life, single-celled organisms communicated

through simple chemical signals. But as life grew more complex, evolving into multicellular organisms with specialised tissues and organs a new level of coordination was needed. Hormones emerged as a solution: messengers that could travel long distances within the body, ensuring that different cells, systems, and structures acted in harmony. They enabled organisms not only to grow and reproduce but also to respond to their environment in nuanced ways. Without hormones, the leap from primitive life to the complexity of the human body, and consciousness would have been impossible.

Hormones act throughout the human life span, from the very first moment of life to the very end. Even before birth, maternal and fetal hormones influence organ development and growth. At birth, a surge of stress hormones prepares the newborn to take its first breath. In childhood, growth hormone and thyroid



hormone drive physical and cognitive development. Puberty, that dramatic transformation of identity and body, is governed by a carefully timed hormonal cascade. In adulthood, hormones regulate metabolism, reproduction, mood, and resilience to stress. And as we age, changes in hormones like estrogen, testosterone, and cortisol shape the experience of aging, influencing bone strength, memory, sleep, and emotional health. Even at the end of life, hormonal changes affect how we respond to illness and how the body shuts down. In this way, hormones are the silent scriptwriters of our entire biological narrative. Consider this: a slight imbalance in thyroid hormones can lead to crippling fatigue, mood disturbances, or life-threatening heart issues. Insulin, another vital hormone, governs the way our body handles glucose. Its absence or resistance leads to diabetes, a global epidemic that is silently reshaping public health. The adrenal glands, through cortisol and adrenaline, help us respond to danger and their dysfunction can cause unexplained fatigue, dangerously low blood pressure, or even death.

For the layperson, endocrine disorders often manifest subtly: weight gain, hair loss, menstrual irregularities, mood changes, or failure to grow in children. These symptoms are easily overlooked or misattributed. The role of an endocrinologist is to read between the lines of these clinical puzzles, to decipher the body's biochemical language, and to restore harmony where there is silent chaos.

For the medical community, endocrinology offers a glimpse into the regulatory systems that define life. It is a specialty rooted in logic, pattern recognition, and deep scientific inquiry. From molecular genetics to cutting edge hormone analogues and continuous glucose monitoring, endocrinology exemplifi es the fusion of precision medicine with compassionate care.

But beyond the clinics and laboratories, endocrinology raises larger questions - How have hormones evolved to align our bodies with the rhythms of day and night, hunger and satiety,

reproduction and rest.? Why does puberty begin when it does? Why do some people gain weight despite eating less? These are not just clinical curiosities but existential questions, deeply intertwined with identity, function, and the human experience.




In essence, endocrinology is a discipline that helps us answer that timeless question "Who am I?" Not in an abstract way, but through measurable parameters, biological rhythms, and the delicate interplay of feedback loops. It reminds us that to underst and the self, we must look inward, into the glands, the hormones, and the molecules that silently define our being. So whether you are a physician seeking deeper clinical insight, or a curious layperson wondering why your energy feels off, endocrinology holds the key.

**Dr. Jayakrishnan C Menon**
Asst. Professor Endocrinology






# ഔഷധ കഞ്ഞിക്കൂട്ടിന്റെ ഉദ്ഘാടനം

ജൂബിലി ആയുർവേദ മിഷൻ ആശുപത്രി പുറത്തിറക്കുന്ന ഔഷധകഞ്ഞിക്കൂട്ടിന്റെ ഉദ്ഘാടനം രാമവർമപുരം ജൂബിലി ആയുർവേദ ക്യാമ്പസ്സിൽ വെച്ച് ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ICMR ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ, ഫാ. സനോജ് അറങ്ങാശ്ശേരി, ജൂബിലി ആയുർവ്വേദ ചീഫ് കൺസൾട്ടന്റ് ഡോ. സിസ്റ്റർ ഡൊണാറ്റ, ഡോ. ഹാർവിൻ ജോർജ് ആശുപത്രിയിലെ മറ്റ് സ്റ്റാഫംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ജൂബിലി ആയുർവേദ ഫാർമസിയിൽനിന്നും ഈ കഞ്ഞികിറ്റ് ലഭ്യമാകുന്നതാണ്.



# TETHER
# മാഗസിൻ പ്രകാശനം-2024

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ 2024 വർഷത്തെ കോളേജ് മാഗസിൻ 'TETHER' പ്രകാശനം ചെയ്തു. 2025 മെയ് 2, വെള്ളിയാഴ്ച 3 മണിക്ക് ജൂബിലി ഹാളിൽവെച്ചായിരുന്നു ചടങ്ങ് നടത്തപ്പെട്ടത്. പ്രമുഖ മനോരോഗ വിദഗ്ധനും ബാലസാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ഡോ. ആനന്ദൻ കെ. ആർ. ആയിരുന്നു വിശിഷ്ടാതിഥി. മാഗസിന്റെ കോപ്പി ജൂബിലി മിഷൻ മെഡിക്കൽ കോളജ് സ്ഥാപക ഡയറക്ടർ ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ടിന് നൽകി പ്രകാശനം ചെയ്തു. 2023-24 കാലയളവിലെ സ്റ്റുഡൻസ് കൗൺസിൽ ചെയർപേഴ്സൺ അഖിൽ ലൂക്കോസ് ജോയി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, വൈസ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, സ്റ്റാഫ് എഡിറ്റർ ഡോ. അപർണ നമ്പൂതിരിപ്പാട് തുടങ്ങിയവർ പ്രസംഗിച്ചു. നിരവധി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തം ചടങ്ങിന് ഉണ്ടായിരുന്നു.

ഡോ. അപർണ നമ്പൂതിരിപ്പാട്, അഖിൽ ലൂക്കോസ് ജോയി, മിഷേൽ സി ഇഗ്നേഷ്യസ്, ജീവജ്യോതി എസ്സ്., നേഹ റെയ്ച്ചൽ, സാവിത്രി എസ്. നമ്പൂതിരി, ബിൽഹ ആൻ ജിക്കി എന്നിവരായിരുന്നു മാഗസിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ



# ഫാമിലി അഡോപ്ഷൻ പ്രോഗ്രാം

ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, കമ്മ്യൂണിറ്റി വിഭാഗം ''ഫാമിലി അഡോപ്ഷൻ പ്രോഗ്രാമി''ന്റെ ഭാഗമായി മാറ്റാംപുറം ടൗൺഷിപ്പ് നിവാസികൾക്കായി സൗജന്യ മെഡിക്കൽ ക്യാംപ് എല്ലാ മാസത്തിലെയും രണ്ടാമത്തെ വ്യാഴാഴ്ച നടത്തിവരുന്നു.

തൃശൂർ റെയിൽവേ പുറമ്പോക്കിൽനിന്നും പുനരധിവസിക്കപ്പെട്ട ഇവരിൽ പലരും സിറ്റിയിലേക്കുള്ള ദൂരക്കൂടുതലും സൗകര്യങ്ങളുടെ ലഭ്യതക്കുറവ് കാരണവും തിരിച്ചുപോവുകയാണുണ്ടായത്. എന്നാൽ ഇവരിൽ ശേഷിക്കുന്ന കുറച്ചു പേർ ഇന്നും മാറ്റാംപുറം ടൗൺഷിപ്പിൽ താമസിച്ചുവരുന്നു. ആശുപത്രികളോ ക്ലിനിക്കുകളോ അടുത്തില്ലാത്തതുമൂലം പ്രാഥമിക വൈദ്യസഹായത്തിനുപോലും കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ടിവരുന്നു. ഇവർക്ക് ഇക്കാരണംകൊണ്ടുതന്നെ മരുന്നുകളുടെ ലഭ്യതക്കുറവും നേരിടേണ്ടിവരുന്നു.

മാറ്റാംപുറം ടൗൺഷിപ്പ് നിവാസികൾ നേരിടേണ്ടിവരുന്ന ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസ്സി. പ്രൊഫസർ ഡോ. ജോബിൻ ജോസിന്റെ നേതൃത്വത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആയി മാസത്തിലൊരിക്കൽ നടത്തിവരുന്ന സൗജന്യ മെഡിക്കൽ ക്യാംപിൽ വൈദ്യപരിശോധന നടത്തിവരുന്നു. കൂടാതെ അവശ്യമരുന്നുകൾ ഒരു മാസത്തേയ്ക്ക് എത്തിച്ചുനൽകുന്നു. കൂടാതെ സൗജന്യമായി രക്തസമ്മർദ്ദം, ബ്ലഡ് ഷുഗർ എന്നിവ പരിശോധിച്ച് അതിനനുസൃതമായി മരുന്നുകൾ നൽകുകയും ചെയ്യുന്നു. കിടപ്പുരോഗികളെ വീടുകളിൽ പോയി സന്ദർശിച്ചു അവർക്കാവശ്യമുള്ള വൈദ്യസഹായവും എത്തിച്ചുനൽകുന്നു.

# Welcome
## TO JUBILEE FAMILY

| | |
|---|---|
| Dr. Jeesmon Jose | Gastroenterologyy |
| Dr. Faris K Shamsudeen | General Medicine |
| Dr. Grace Earnest | M C Mirobioology |
| Dr. Padmajs S | M C Forensic Medicine |
| Mrs. Rajalakshmi P | Insurance Office |
| Sr. Rose Mary Vazhappilly | Cash / Billing |
| Ms. Aneetta Vincent | CSSD |
| Mrs. Athira M | CSSD |
| Ms. Anjana Peethambaran | Neurology |
| Mrs. Maya Santhosh | Canteen |
| Mrs. Sreeja | Canteen |
| Mr. Sanal K Babu | Ayurveda |
| Mr. Christy Roy | Ayurveda |
| Mrs. Soniya Sebastian | Patient Relations |
| Mrs. Roshni Romi | Patient Relations |
| Mr. Jomon Francis | Medical College |
| Mr. Anjo Babu | JMCON |

## NURSING

Mrs. Neethu A D
Sr. Sofia Maliekkal (Lilly MS)
Sr. Priya (Priyamol)
Mrs.Aleena Johnson K
Mrs. Aleena Varghese
Mrs. Divya P. Jose
Ms. Sona Thomas
Mrs. Anjana K S
Ms. Mariya Rose N F
Ms. Divya Devassy
Ms. Aleena Paul
Ms. Anulaya T S
Ms. Jismy C Johnson
Ms. Agnel C M
Sr. Athira (Athira Joy)
Sr. Linda Ookken (Linda Johney)
Mrs. Helma Baby
Mrs. Ancy T J
Mrs. Hina A M
Mrs. Siji Varghese
Mrs. Melvi Wilson T
Mrs. Abhipriya O V
Ms. Aerin P Menachery
Ms. Alna Ouseph
Ms. Annamol Joshy
Ms. Avani K U
Ms. Divya K I
Ms. Akshaya N R



# പൂക്കൾക്കിടയിലെ നീലത്തുമ്പികൾ

ജൂബിലി മിഷൻ ഹോസ്പിറ്റൽ
ഐ സി യു മൂന്നാം നാൾ, ഇവിടെ,
ചുറ്റിനും പാറിപ്പറക്കുന്ന നീലത്തുമ്പികൾ
പൂന്തേനും പൂമ്പൊടിയും
തേടിയുള്ള യാത്രയിലല്ല ഞാനവരെ കണ്ടത്.
പുഴുക്കുത്തേറ്റ് നിറം മങ്ങിയ പൂക്കൾക്കിടയിലാണവർ...
വേദനയുടെ നിരാശകളുടെയിടയിൽ
സാന്ത്വനത്തിന്റെ കയ്യൊപ്പുമായ്...
വേദനിക്കുന്ന ചുമലുകളിൽ
തലോടലിന്റെ പുഞ്ചിരിയേകിയവർ പാടുകയാണ്.

Together,
We are the
Patient Experience !

അപൂർവ്വമായി കൂട്ടംചേരുമ്പോൾ
കാണാനെന്തൊരു ചേലെന്നോ;
വിടർന്ന ഹൈഡ്രേഞ്ചിയക്കുല പോലെ!
പലവഴിയായി, പല നേരത്തായി
കൂട്ടമൊഴിഞ്ഞങ്ങുപോയീടിലും
പിന്നെയും കൂടുമ്പോൾ എന്തൊരിമ്പം!
നീറുന്ന മാനസങ്ങൾതൻ നീറ്റലൊതുക്കാൻ
പാറിപറക്കുന്ന നീലത്തുമ്പികൾ
ഇന്നെന്റെ ചുറ്റിലും പൂത്തുമ്പികൾ...

*ഡോ. ഹരികൃഷ്ണൻ സി.പി യുടെ ഒരു പേഷ്യന്റ്*





# RESEARCH WINGS JOURNAL CLUB



JCMR organised the 83rd Journal club meeting on 19th June, Thursday at New CCM hall. The speaker on the occasion was Dr Vishnupriya Padmakumar, Assistant Professor, Department of ENT. The topic was based on an article titled "**Intratympanic Platelet -Rich Plasma Therapy for Sudden Sensorineural Hearing loss: A Preliminary Prospective Study"** Sharma S, Patel VB, Chhatbar YB, Bhimani RJ, Rangani AM. Indian J Otolaryngol Head Neck Surg. 2024 Dec; 76 (6):5334-5339. doi: 10.1007/s12070-024-04971-7. Epub 2024 Aug 13. PMID: 3959101; PMCID: PMC11569041. The article evaluates the effectiveness of intratympanic platelet-rich plasma therapy for sudden sensorineural hearing loss. Dr Andrews M A, Dr Preethi Shenoy and Dr Mohammed Rafi participated in the discussion.




## പരിസ്ഥിതി ദിനാചരണം

# പ്രകൃതിയോടുള്ള സഹജീവിതം സുസ്ഥിരമായ ജീവിതത്തിന്

ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് വൃക്ഷത്തൈ നട്ടും, പരിസ്ഥിതിദിന സന്ദേശം നൽകിയും ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻ കുരിയൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ, ജൂബിലി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ജൂബിലി ആയുർവേദ മിഷൻ ആശുപത്രി ചീഫ് കൺസൾറ്റന്റ് ഡോ. സിസ്റ്റർ ഡോണാറ്റ, ഡോ. ഹാർവിൻ ജോർജ്, ഡോ. ബിനു ബാഹുലേയൻ, ഡോ. സന്ദേശ് ജോഷി, ഡോ.പാർവതി, ജൂബിലി ആയുർവേദ പഞ്ചകർമ തെറാപ്പി നഴ്സിംഗ് കോഴ്സ് വിദ്യാർത്ഥികൾ, മറ്റു സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

സുസ്ഥിരമായ ജീവിതത്തിനും ആരോഗ്യത്തിനും പ്രകൃതിയോടുള്ള സഹജീവിതമാണ് അനിവാര്യമെന്ന സന്ദേശവും, ആയുർവേദത്തിന്റെ പ്രകൃതിനിഷ്ഠമായ സമീപനവുമാണ് ചടങ്ങിൽ പ്രമേയമായത്.



# പുത്തനുണർവ്വ് നൽകുന്ന കർക്കിടക കഞ്ഞി

കർക്കിടക മാസം, മലയാളികൾക്ക് കാലവർഷത്തിന്റെ ആരവങ്ങളും ഒപ്പം ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യവും ഓർമ്മിപ്പിക്കുന്ന ഒന്നാണ്. പഞ്ഞകർക്കിടകം എന്നൊരു ചൊല്ലുണ്ടെങ്കിലും, ഈ മാസം ശരീരത്തിനും മനസ്സിനും ഒരുപോലെ ശുദ്ധീകരണവും പുനരുജ്ജീവനവും നൽകുന്ന ഒന്നായി ആയുർവേദം കണക്കാക്കുന്നു. കർക്കിടകത്തിൽ ഔഷധക്കഞ്ഞിക്കും നിർണായകമായ ഒരു സ്ഥാനമുണ്ട്. ഈ ലേഖനത്തിൽ, കർക്കിടക കഞ്ഞിയുടെ പ്രാധാന്യം, അതിന്റെ ചേരുവകൾ, ഔഷധഗുണങ്ങൾ, തയ്യാറാക്കുന്ന രീതി, ഉപയോഗം എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നു.

**കർക്കിടകം : ആയുർവേദത്തിലെ പ്രാധാന്യം**

ആയുർവേദമനുസരിച്ച്, ഓരോ ഋതുവിലും ശരീരത്തിന് അതിന്റേതായ മാറ്റങ്ങൾ സംഭവിക്കുന്നു. കർക്കിടകം ദോഷങ്ങളെ

വർദ്ധിപ്പിക്കുന്ന ഒരു കാലഘട്ടമായാണ് കണക്കാക്കപ്പെടുന്നത്. ഈ സമയത്ത് ശരീരത്തിലെ വാത, പിത്ത, കഫ ദോഷങ്ങൾ അസന്തുലിതാവസ്ഥയിലാകാൻ സാധ്യതയുണ്ട്. കനത്ത മഴയും ഈർപ്പവും തണുപ്പുമെല്ലാം ശരീരത്തിന്റെ പ്രതിരോധശേഷിയെ ബാധിക്കുകയും പലതരം രോഗങ്ങൾ വരാനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, ഈ മാസം ശരീരത്തെ ശുദ്ധീകരിക്കാനും ദോഷങ്ങളെ പുറന്തള്ളാനും പ്രതിരോധശേഷി വർദ്ധിപ്പിക്കാനുമുള്ള ചികിത്സകൾക്ക് പ്രാധാന്യം നൽകുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കർക്കിടക കഞ്ഞി അഥവാ ഔഷധക്കഞ്ഞി.

## എന്താണ് കർക്കിടക കഞ്ഞി?

കർക്കിടക കഞ്ഞി എന്നത് ഔഷധ സസ്യങ്ങളും ധാന്യങ്ങളും ചേർത്ത് കർക്കിടക മാസത്തിൽ കഴിക്കുന്ന ഒരുതരം ഔഷധഗുണമുള്ള കഞ്ഞിയാണ്. ശരീരത്തിലെ വിഷാംശങ്ങളെ പുറന്തള്ളി, ദഹന വ്യവസ്ഥയെ ക്രമപ്പെടുത്തി, പ്രതിരോധശേഷി വർദ്ധിപ്പിച്ച്, ശരീരത്തിന് ഉന്മേഷം നൽകി, കാലവർഷത്തിൽ സാധാരണമായ ശരീരവേദന കൾക്ക് ആശ്വാസം നൽകൽ തുടങ്ങിയവയാണ് ഈ കഞ്ഞിയുടെ പ്രധാന ലക്ഷ്യം. കാലങ്ങളായി കേരളത്തിലെ ജനങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ഒരു ആരോഗ്യ ആചാരമാണിത്.

## കർക്കിടക കഞ്ഞിയുടെ പ്രധാന ചേരുവകളും അവയുടെ ഗുണങ്ങളും

കർക്കിടക കഞ്ഞിക്ക് പലതരം ചേരുവകൾ ഉപയോഗിക്കാറുണ്ട്. ഓരോ വീട്ടിലും സ്ഥലത്തിനനുസരിച്ചും ചെറിയ വ്യത്യാസങ്ങൾ വരാം. എന്നാൽ ചില പൊതുവായ ചേരുവകളും അവയുടെ ഔഷധഗുണങ്ങളും താഴെ നൽകുന്നു:

**നവര അരി :** സാധാരണ നെല്ലരിക്ക് പകരം ഔഷധഗുണങ്ങളുള്ള നവര അരിയാണ് കർക്കിടക കഞ്ഞിക്ക് ഉത്തമം. ഇത് ശരീരത്തിന് ബലം നൽകാനും ദഹനം എളുപ്പമാക്കാനും സഹായിക്കുന്നു.

**ഉലുവ :** ശരീരത്തിലെ ചൂട് കുറയ്ക്കാനും വാത സംബന്ധമായ അസുഖങ്ങൾക്കും ഉലുവ നല്ലതാണ്. പ്രമേഹത്തെ നിയന്ത്രിക്കാനും ഇത് സഹായിക്കുന്നു.

**ആര്യവേപ്പ് :** antibacterial, antifungal ഗുണങ്ങളുള്ള ആര്യവേപ്പ് ശരീരത്തിലെ അണുബാധകളെ തടയാൻ സഹായിക്കുന്നു.

**ചുക്ക് :** ദഹന പ്രശ്നങ്ങൾക്ക് ഉത്തമമാണ് ചുക്ക്. കഫക്കെട്ട്, ജലദോഷം എന്നിവയെയും ഇത് ശമിപ്പിക്കുന്നു.

**കുരുമുളക് :** ദഹനത്തെ സഹായിക്കുകയും ശരീരത്തിലെ വിഷാംശങ്ങളെ പുറന്തള്ളുകയും ചെയ്യുന്നു.

**തിപ്പലി :** ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്കും ചുമയ്ക്കും കഫക്കെട്ടിനും ഫലപ്രദമാണ്.

**ജീരകം :** ദഹനത്തെ സഹായിക്കുന്നു, ശരീരത്തിലെ ചൂട് കുറയ്ക്കുന്നു, പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നു.

**ആശാളി :** ശരീരബലത്തിനും ദഹനത്തിനും ഉത്തമം.

**കൽക്കണ്ടം/ശർക്കര :** കഞ്ഞിക്ക് മധുരം നൽകാനും ശരീരത്തിന് ഊർജ്ജം നൽകാനും.

**തേങ്ങാപ്പാൽ :** പോഷകസമൃദ്ധമാണ്, കഞ്ഞിക്ക് സ്വാദ് നൽകുന്നു.

**പത്തിലകൾ:** (ചില പ്രദേശങ്ങളിൽ മാത്രം ഉപയോഗിക്കുന്നത്) തകര, തഴുതാമ, മത്തൻ, കുമ്പളം, ചേമ്പ്, ചേന, പയർ, കോവൽ, മുതിര, ചീര എന്നിവയുടെ ഇലകൾ ചേർത്തും കഞ്ഞി ഉണ്ടാക്കാറുണ്ട്. ഇവ



ഓരോന്നിനും അതിന്റേതായ ഔഷധഗുണങ്ങളുണ്ട്. ഉദാഹരണത്തിന്, തഴുതാമ കിഡ്നി സംബന്ധമായ പ്രശ്നങ്ങൾക്ക് നല്ലതാണ്.

**കർക്കിടക കഞ്ഞി തയ്യാറാക്കുന്ന രീതി:**

കർക്കിടക കഞ്ഞി തയ്യാറാക്കാൻ ചില പൊതുവായ ഘട്ടങ്ങളുണ്ട്.

നവര അരി കഴുകി വൃത്തിയാക്കുക. ഉലുവ, ജീരകം, ആശാളി എന്നിവ ഒരുമിച്ച് ചേർത്ത് കഴുകി വെക്കുക. ചുക്ക്, കുരുമുളക്, തിപ്പലി എന്നിവ ചതച്ച് പൊടിയാക്കുക. ഒരു മൺകലത്തിൽ നവര അരിയും മറ്റ് ധാന്യങ്ങളും ചേർത്ത് ആവശ്യത്തിന് വെള്ളം ഒഴിച്ച് വേവിക്കുക. അരി ഏകദേശം വെന്തുവരുമ്പോൾ ചതച്ചുവെച്ച ചുക്ക്, കുരുമുളക്, തിപ്പലി തുടങ്ങിയ ഔഷധങ്ങൾ ചേർക്കുക. പത്തിലകൾ ചേർക്കുന്നുണ്ടെങ്കിൽ, അവ ചെറുതായി അരിഞ്ഞ് ഈ സമയത്ത് ചേർക്കാം. എല്ലാം നന്നായി വെന്തുടയുന്നത് വരെ വേവിക്കുക. കഞ്ഞി വെന്ത ശേഷം തേങ്ങാപ്പാൽ, കൽക്കണ്ടം/ശർക്കര എന്നിവ ആവശ്യമെങ്കിൽ ചേർത്ത് ഇളക്കി ഉപയോഗിക്കാം. ഇത് കഞ്ഞിക്ക് കൂടുതൽ സ്വാദും പോഷകഗുണങ്ങളും നൽകും.

ദിവസവും രാവിലെയോ രാത്രിയിലോ ആണ് ഇത് കഴിക്കുന്നത്. തുടർച്ചയായി 7 ദിവസമോ 14 ദിവസമോ 21 ദിവസമോ ഒരു മാസം മുഴുവനുമോ കഴിക്കാവുന്നതാണ്.

**കർക്കിടക കഞ്ഞി സേവിക്കുന്നതിന്റെ ഗുണങ്ങൾ**

ദഹനശേഷി വർദ്ധിപ്പിക്കുന്നു, ശരീരത്തിലെ വിഷാംശങ്ങളെ പുറന്തള്ളുന്നു (Detoxification), പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നു, വാത സംബന്ധമായ രോഗങ്ങളെ ശമിപ്പിക്കുന്നു, ശരീരത്തിന് ഊർജ്ജം നൽകുന്നു, ശരീരവേദന കുറയ്ക്കുന്നു, ത്വക്കിന് തിളക്കം നൽകുന്നു.

കർക്കിടക കഞ്ഞി എന്നത് കേവലം ഒരു ആഹാരമല്ല, മറിച്ച് ശരീരത്തിനും മനസ്സിനും പുത്തനുണർവ്വ് നൽകുന്ന ഒരു ആയുർവേദ ചികിത്സ കൂടിയാണ്. ആധുനിക ജീവിതശൈലിയിൽ നാം നേരിടുന്ന പല ആരോഗ്യപ്രശ്നങ്ങൾക്കും ഒരു പരിഹാരമായി ഈ പരമ്പരാഗത അറിവിനെ നമുക്ക് പ്രയോജനപ്പെടുത്താം. ഓരോ കർക്കിടക മാസവും ഈ ഔഷധക്കഞ്ഞി ശീലമാക്കി ശരീരത്തെയും മനസ്സിനെയും വരും വർഷത്തേക്ക് സജ്ജമാക്കുന്നത് ഒരു നല്ല ശീലമാണ്. പ്രകൃതിയോടിണങ്ങിയ ഈ ജീവിതരീതി നമ്മുടെ പൂർവ്വികർ നമുക്ക് നൽകിയ വലിയൊരു സമ്മാനമാണ്. അത് കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയിലേക്ക് പകരുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്.

**ഡോ. ബിനു ബാഹുലേയൻ**
അഡ്മിനിസ്ട്രേറ്റർ, ജൂബിലി ആയുർവേദ മിഷൻ
ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev.. Fr.. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Just.in C J | Mr. Baby P A | Ms. Rakhi K B
Ms. Manisha A N | Mr. Joshi Paul



"ഭയപ്പെടേണ്ടാ, ഞാൻ
നിന്നോടുകൂടെയുണ്ട്."
(ഏശയ്യാ 41:10)
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE